ഉത്തരം

(എ) ലാഭത്തിലല്ല പ്രവർത്തിക്കുന്നത്.

(ബി–ഡി) സർക്കാർ ധനസഹായം നൽകിയിട്ടും ഈ യൂണിറ്റ് ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ വിശദമായ പരിശോധനയ്ക്കുശേഷം പ്രവർത്തനം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഈ യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവച്ചിട്ടില്ല. ഈ യൂണിറ്റ് പുനരുദ്ധരിക്കാൻ പറ്റുമായെന്ന് പരിശോധിക്കുന്നതാണ്.

വ്യവസായ വകുപ്പിൽ കൺസൾട്ടൻസി നിയമനം

10 [2878] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഏതൊക്കെ വിഷയത്തെപ്പറ്റി പഠിക്കുന്നതിനാണ് കൺസൾട്ടൻസിയെ നിയമിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കൺസൾട്ടൻസിക്കുംവേണ്ടി എത്രയൊക്കെ തുക ചെലവഴിച്ചിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ?

ഉത്തരം

(എ & ബി) കേരളത്തിലെ കൈത്തറി മേഖലയെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ ടെക്സ്റ്റൈൽ കമ്മറ്റിയെ ചുമതലപ്പെടുത്തുകയും അവർ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി അഞ്ചുലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

കിൻഫ്ര . സംയുക്ത മേഖലയിൽ ഒരു ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി 'ഏണസ്റ്റ് ആൻഡ് യങ്' എന്ന മുംബൈ ആസ്ഥാനമായുള്ള ഒരു കമ്പനിയെ കൺസൾട്ടൻറായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത കൺസൾട്ടൻസിക്കുവേണ്ടി 5,60,000 രൂപ ഇതുവരെ നൽകിയിട്ടുണ്ട്.

നെതർലാൻഡ് സർക്കാരിന്റെ സഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കിവരുന്ന എം. ജി. പി. യുടെ ഭാഗമായി വ്യവസായ വകുപ്പിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ട്:

1. ഫെർഗുസൺ ആൻഡ് കമ്പനി, ചെന്നൈ.
2. ഇൻഫ്രാസ്ട്രക്ചർ പ്രൊഫഷണൽ എൻറർപ്രൈസസ് (പ്രൈ) ലിമിറ്റഡ്, ഹൈദരാബാദ്.
3. ക്രിസിൽ ലിമിറ്റഡ്, മുംബൈ.

പ്രസ്തുത കൺസൾട്ടൻസിക്ക് ഫീസ് ഇനത്തിലുള്ള തുക നൽകുന്നത് എം. ജി. പി. യുടെ ഭാഗമായുള്ള പ്രൊക്യുർമെൻറ് സർവ്വീസ് പ്രൊവൈഡർ ആണ്. മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly